**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2121** — **17.02.2016 ൽ മറുപടിയ്ക്ക്**

## സഹകരണ കടാശ്വാസ പദ്ധതി /സഹകരണ റിസ്ക് ഫണ്ട് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ കടാശ്വാസ പദ്ധതി/ സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര ധനസഹായം ഓരോ ജില്ലയിലും നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ 23,052 അപേക്ഷകളിലായി 156,64,50,124/- രൂപ (നൂറ്റി അമ്പത്തിയാറ് കോടി അറുപത്തിനാല് ലക്ഷത്തി അൻപതിനായിരത്തി ഒരുനൂറ്റി ഇരുപത്തിനാല് രൂപ മാത്രം) ധനസഹായം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദ വിവരം ചുവടെ ചേർക്കുന്നു. |

| ജില്ല | അപേക്ഷകളുടെ എണ്ണം | തുക |
|---|---|---|
| തിരുവനന്തപുരം | 1181 | 10,44,68,058 |
| കൊല്ലം | 1200 | 11,11,06,617 |
| പത്തനംതിട്ട | 598 | 4,90,19,575 |
| ആലപ്പുഴ | 661 | 5,80,91,220 |
| കോട്ടയം | 1804 | 15,18,08,203 |
| ഇടുക്കി | 1266 | 6,54,64,953 |
| എറണാകുളം | 4411 | 27,90,72,079 |
| തൃശ്ശൂർ | 2635 | 19,04,59,027 |
| പാലക്കാട് | 1684 | 11,88,52,290 |
| മലപ്പുറം | 1789 | 11,98,76,570 |

| | | |
|---|---|---|
| കോഴിക്കോട് | 1062 | 8,22,41,819 |
| വയനാട് | 278 | 1,52,68,822 |
| കണ്ണൂർ | 3366 | 16,69,26,034 |
| കാസർഗോഡ് | 1177 | 5,37,94,857 |
| **ആകെ** | **23052** | **156,64,50,124** |

(ബി) വായ്പയെടുക്കുന്നവർ മരണപ്പെടുകയാണെങ്കിൽ കുടിശ്ശിക ഇളവുകൾക്ക് പുറമെ മാരക രോഗങ്ങൾ പിടിപെടുന്ന വായ്പക്കാർക്ക് ധനസഹായം നൽകുന്നതിന് ഈ സർക്കാർ വന്നതിന് ശേഷം നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം റിസ്ക് ഫണ്ട് നിയമാവലി ഭേദഗതി ചെയ്യുകയും വായ്പയെടുത്ത ശേഷം വായ്പക്കാരന് മാരകമായ രോഗം പിടിപെടുകയും വായ്പ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കേസുകളിൽ വായ്പാ മുതലിനത്തിൽ പരമാവധി 75,000/- രൂപ (എഴുപത്തയ്യായിരം രൂപ മാത്രം) റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിന് വ്യവസ്ഥ ഉൾപ്പെടുത്തുകയുണ്ടായി. മാരക രോഗങ്ങളുടെ പട്ടികയിൽ കാൻസർ ബാധിതർ, കിഡ്നി സംബന്ധ രോഗം മൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം മൂലമോ അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ എന്നിവരാണ് ഉൾപ്പെടുന്നത്.

(സി) നാളിതുവരെ സഹകരണ ഫണ്ട് പദ്ധതിയിൽ ചേർത്തിട്ടില്ലാത്തതും നിലവിലുള്ളതുമായ വായ്പകളെ പദ്ധതിയിൽ ചേർക്കുന്നതിനും ഇത് സംബന്ധിച്ച അവബോധം സഹകാരികളിൽ ഉണ്ടാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

(സി) സഹകരണ റിസ്ക് ഫണ്ട് പദ്ധതിയിൽ ചേർന്നിട്ടില്ലാത്ത വായ്പകളെ പദ്ധതിയിൽ ചേർക്കുന്നതിന് കാലാകാലങ്ങളിൽ അനുമതി നൽകി വരുന്നുണ്ട്. പദ്ധതി നിലവിൽ വന്ന 2008 ഏപ്രിൽ മാസം ഒന്നിന് നിലനിന്നിരുന്ന വായ്പകൾക്ക് പദ്ധതിയിൽ ചേർക്കുന്നതിന് 3 മാസവും 24.07.2014 ലെ റിസ്ക് ഫണ്ട് നിയമാവലിയിൽ ഭേദഗതി പ്രകാരം 6 മാസവും സമയം അനുവദിച്ചിരുന്നു. വായ്പ വിതരണം ചെയ്യുന്ന എല്ലാ വായ്പാ സഹകരണ സംഘങ്ങളും റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരണമെന്നും ചേരാത്ത സംഘങ്ങളുടെ വായ്പാ വിതരണത്തിനുള്ള അവകാശം റദ്ദ് ചെയ്യുന്നതാണെന്നും സഹകരണ നിയമത്തിൽ വ്യവസ്ഥ ഉൾപ്പെടുത്തുകയുണ്ടായി. സംഘത്തിന്റെ ഭാഗത്തു നിന്നുണ്ടാകുന്ന വീഴ്ച കാരണം അർഹതപ്പെട്ട റിസ്ക് ഫണ്ട് ആനുകൂല്യം വായ്പക്കാരന് നഷ്ടപ്പെട്ടാൽ ബന്ധപ്പെട്ട സഹകരണ സംഘത്തിന്റെ ഭരണ

സമിതിയും ചീഫ് എക്സിക്യൂട്ടീവും ഉത്തരവാദിയായിരിക്കുമെന്ന് റിസ്ക് ഫണ്ട് നിയമാവലിയിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നടപടികൾ എല്ലാ വായ്പക്കാരെയും റിസ്ക് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സഹായകരമാകുന്നുണ്ട്.

സെക്ഷൻ ഓഫീസർ